നാടകങ്ങളിൽ മിക്കതും ശുഭപര്യവസായി ആയിരുന്നു. അതിൽ വളരെ കുറച്ചുമാത്രമേ ദുഃഖപര്യവസായി ആയിരുന്നുള്ളു.

നാടകങ്ങളിൽ ഗാനങ്ങൾ പണ്ടു മുതലേ ചേർത്തിരുന്നു. പണ്ടത്തെ നാടകങ്ങളിൽ സംഗീതോപകരണങ്ങളുൾക്കൊള്ളുന്നഗാനങ്ങൾവളരെനേരം നിൽക്കുമെങ്കിലും ഗുജറാത്തി നാടകത്തിൽ ഗാനത്തിന്റെ നീളം വളരെ കുറവായിരുന്നു.

ഇന്നത്തെ തിയേറ്ററുകൾ കൂടുതൽ സാമുദായികനാടകങ്ങൾക്കാണ് മുൻഗണനകൊടുക്കുന്നതു്. എന്നാൽഅവതരണത്തിൽ ചിലപുതിയ "ടെക്‌നിക്കു"കൾ ഇന്നും തുടർന്നു കൊണ്ടു പോകുന്നുണ്ടു്.

ഇന്നത്തെ നാടകരചന ഒരു പുതിയ ഘട്ടത്തിലേക്കും, പുതിയ ചുറ്റുപാടിലേക്കും മാറിക്കൊണ്ടിരിക്കുകയാണ്. അധികം അങ്കങ്ങളില്ലാതെ ചുരുങ്ങിയരംഗങ്ങളിൽ കാര്യം വ്യക്തമാക്കുക. ഇതൊരു പുതിയ കാൽവയ്പാണ്. ഏകാങ്കനാടകങ്ങൾക്കും പൊതുജനഹൃദയത്തെ ആകർഷിക്കാൻ പര്യാപ്തമായ കാഴ്ചപ്പാടുകളും ആദർശാനുകരണങ്ങളും ഇന്നും നടക്കുന്നുണ്ടു്. പഴയതിനെതന്നെ മുറുകെപിടിക്കുകയാണെങ്കിൽ ഇപ്പോഴും പല എതിർപ്പുകളും ഉണ്ടാകാറുണ്ടു്.

ഗദ്യവിഭാഗം മിക്കവാറും ഒഴിച്ചുനിറുത്താവുന്നതല്ല. എന്നാലും ഗദ്യം മാത്രമായിരുന്നാൽ അതിനു് സാധാരണക്കാരെ കൂടുതൽ വശീകരിക്കാൻ സാധ്യമല്ലാത്തതുകൊണ്ടു് പാട്ടുകൾ ചേർത്തു് നിഴൽനാടകം മനോഹരമാക്കിക്കൊണ്ടിരുന്നു.

സുഖപര്യവസായികൾക്കു് ഇന്നും നല്ല പ്രചാരമുണ്ടു്. പലപുതിയ ആളുകളും സാമുദായിക നാടകങ്ങൾ ഈ വിധത്തിൽ രചിക്കുന്നുണ്ടു്. തീർച്ചയായിട്ടും അവ ആസ്വദിക്കാനുതകുന്നതുമാണ്. സംഘട്ടനാത്മകമായി ഒരു നാടകരചനയുടെ കാലമാണ് ഗുജറാത്തി സാഹിത്യത്തിൽ ഇന്നുള്ളതു്. അവയ്ക്കു് ഇന്നു് പ്രചുര പ്രചാരവുമുണ്ടു്.

വിവർത്തകൻ: പി. എ.

ചെറുകഥ

പുനർജ്ജന്മം

[പുരോഗമനസാഹിത്യ പ്രവാചകന്മാരുടെ കലാസൃഷ്ടികൾക്കു് വൈരുദ്ധ്യവും വൈവിധ്യവും നൽകുന്ന ഒരുനവീനാശയത്തിന്റെ ആവിഷ്ക്കരണമാണ് സാഹിത്യസൃഷ്ടിയുടെ അചേതനമായ തത്വസംഹിതകളെ സചേതനമാക്കിക്കൊണ്ടു് മലയാളസാഹിത്യ ലോകം അറിയപ്പെടുന്ന ശ്രീ. കോന്നിയൂർ നരേന്ദ്രനാഥിന്റെ ഈ കഥാരൂപത്തിലുള്ള പ്രതിഫലനം. ത: പ.]

കോന്നിയൂർ ആർ. നരേന്ദ്രനാഥ്

അദ്ദേഹം രോഗശയ്യയിലായശേഷം അവസാനത്തെ ഒന്നു രണ്ടു മാസങ്ങളിൽ എനിക്കു് ഒന്നുംതന്നെ എഴുതാൻ സാധിച്ചിട്ടില്ല ഞാൻ എപ്പോഴും കിടക്കയ്ക്കു സമീപം ഉണ്ടായിരിക്കണമെന്നു് അദ്ദേഹത്തിനു നിർബന്ധമുണ്ടു്. അദ്ദേഹത്തിനു് എന്നോ എപ്പോഴും കണ്ടുകൊണ്ടിരിക്കണം. ഏറെ വിശ്വാസവും മതിപ്പും ഉണ്ടായിരുന്ന അദ്ദേഹം ഇത്രമാത്രം പരാശ്രയനായിത്തീർന്നതു് വളരെ ദയനീയമായി എനിക്കു തോന്നാറുണ്ടു്. സ്വസ്ഥനായി കിടക്കയിൽ കിടക്കാൻതന്നെ അദ്ദേഹം ഭയപ്പെട്ടിരുന്നു. അതുകൊണ്ടു് മിക്കവാറും സമയങ്ങളിൽ സോഫയുടെ ചാരിൽ തലയിണ ചാരി

കിടക്കുവാനാണ് ഇഷ്ടപ്പെട്ടിരുന്നതു്. എന്റെ പ്രവൃത്തികൾ ഒരു കൊച്ചുകുഞ്ഞിനെപ്പോലെ അദ്ദേഹം നോക്കിക്കിടക്കും. ഞാൻ ആ മുറി വിട്ടു് പുറത്തേക്കു പോയാൽ അദ്ദേഹം ചഞ്ചലത പ്രദർശിപ്പിച്ചു തുടങ്ങും. മുഖം വിളറും. വിരലുകൾ വിറച്ചുതുടങ്ങും. ഇന്നും ഞാൻ അദ്ദേഹത്തെ സ്മരണമണ്ഡപത്തിൽ വ്യക്തമായി കാണുന്നു. ലോലമായ തൂവെള്ളത്തുണിയിൽ പൊതിഞ്ഞ ഒരസ്ഥിപഞ്ജരം! വെള്ളത്തുണിയുടെപശ്ചാത്തലത്തിൽ ആ മഞ്ഞളിപ്പു് വളരെ വ്യക്തമാണ്. കുഴിയിൽ താണ നേത്രങ്ങൾ എന്റെ നേർക്കുള്ള നിരാലം

കാന്തതയെ അദ്ദേഹം വളരെ ഭയപ്പെട്ടു. ശയ്യയ്ക്കു സമീപത്തുനിന്നു് ഞാൻ അകന്നു മാറിയാൽ അദ്ദേഹം ഭയന്നു വിറയ്ക്കുന്നതു കാണാം. നിശാഗമത്തിൽ കൊച്ചുകുഞ്ഞുങ്ങൾക്കുണ്ടാകാറുള്ള ഭയംപോലെയാണ് അദ്ദേഹത്തിന്റെ ഭയവും. സ്വശക്തിയിൽ വ

ണ്മനോട്ടം. കറുത്ത ജട പിടിച്ച തലമുടി .....അങ്ങിനെ എല്ലാം ഞാൻ വളരെ വ്യക്തമായി ഇന്നും കാണുന്നു. ആ ചിത്രം എൻെറ സ്മരണമണ്ഡലത്തിൽ നിന്നു് എങ്ങിനെ മാഞ്ഞുപോകും?

സോഫയുടെ ചാരിൽ ചാഞ്ഞുകിടന്നു് അദ്ദേഹം ചിലപ്പോഴൊക്കെ പറയും:—

“കമലം! എനിക്കു് ആ ട്രങ്കിലെ കടലാസുകൾ ഒന്നു നോക്കാൻ തക്ക കരുത്തുണ്ടോ? അവ പരിശോധിക്കാൻ എത്ര നാളായി ആഗ്രഹിക്കുന്നതാണു്.” അദ്ദേഹത്തിൻെറ ശരീരശക്തി ക്ഷയിക്കുന്തോറും ആ ആഗ്രഹം അദ്ദേഹം വ്യക്തമാക്കാറുണ്ടായിരുന്നു. അദ്ദേഹത്തിൻെറ നിർബ്ബന്ധം വർദ്ധിക്കാറുള്ളപ്പോൾ ഞാൻ തന്നെ അവ പരിശോധിക്കാമെന്നു പറഞ്ഞു നോക്കി. പക്ഷേ അദ്ദേഹം അതിനു വിസമ്മതിച്ചു.—“വേണ്ടതങ്കം! ഞാൻ തന്നെ അതു ചെയ്യെങ്കിലേ പ്രയോജനമുള്ളു. എൻെറ ദീനം ഭേദപ്പെട്ടുമ്പോൾ ഞാൻ തന്നെ അതു നിർവ്വഹിച്ചു കൊള്ളാം.” എനിക്കും അദ്ദേഹത്തിനും അറിയാമായിരുന്നു ആ ആഗ്രഹം ഫലിക്കാൻ പോകുന്നില്ലെന്നു്. ഓരോ ദിവസവും അദ്ദേഹം കൂടുതൽ ദുർബ്ബലനായികൊണ്ടിരിക്കുകയാണു്. അധികദിവസ്സങ്ങൾ അദ്ദേഹത്തിനു് അവശേഷിച്ചിട്ടില്ല.

ഈ പരിതസ്ഥിതിയിൽ എന്തെങ്കിലും എഴുതുവാൻ എനിക്കു സമയമെവിടെ? എന്നാൽ എൻെറ ചിന്തകൾ കാടുകയറാതിരിക്കുവാൻവേണ്ടി, ചുററുപാടു വിസ്മരിക്കുവാൻവേണ്ടി ഞാൻ ചിലതൊക്കെ കുത്തിക്കുറിക്കാറുണ്ടു്. ഒന്നുരണ്ടു ചെറുകഥകൾ തീർക്കാനും, എഴുതിക്കൊണ്ടിരുന്ന നോവലിൻെറ കുറെഭാഗങ്ങൾ പൂർത്തിയാക്കാനും ഇക്കാലത്തു് സാധിച്ചിട്ടുണ്ടു്.

എൻെറനോവലിനെപ്പററി അദ്ദേഹം ചിരിച്ചുകൊണ്ടു് ചിലപ്പോൾപറയും —“ കമലത്തിൻെറ മാസ്റ്റർപീസ് ആയിരിക്കും അതു്.”

എൻെറ സാഹിത്യപ്രവർത്തനങ്ങളെപ്പററി അദ്ദേഹത്തിനു് വളരെ അഭിമാനം ഉണ്ടായിരുന്നു. വിവാഹം കഴിഞ്ഞാൽ അടുക്കളകാര്യമൊഴിച്ചു് ഉള്ള പ്രവത്തനങ്ങളൊക്കെ സ്ത്രീകൾ ഉപേക്ഷിക്കണമെന്നു്, സാധാരണയായി പുരുഷന്മാരുടെ ഇടയിലുള്ള മനോഭാവം ആയിരുന്നില്ല അദ്ദേഹത്തിൻേറതു്. എൻെറ കൃതികൾ വായിച്ചു് കേൾക്കുവാൻ അദ്ദേഹത്തിനു് ഇഷ്ടമാണു്. കയ്യെഴുത്തുപ്രതിയിൽ കടന്നുകൂടാറുള്ള പോരായ്മകൾ ചൂണ്ടിക്കാണിക്കാനും അദ്ദേഹം വിസ്മരിക്കാറില്ല ഞാൻ കാണാതിരുന്നിട്ടുള്ള എത്ര കുററങ്ങളും കുറവുകളും അങ്ങിനെ പരിഹരിക്കപ്പെട്ടിട്ടുണ്ടു്! അദ്ദേഹത്തിൻെറ സൂക്ഷ്മദൃഷ്ടിക്കു പിൻപിൽ ഒളിഞ്ഞുകിടന്നിരുന്ന കലാബോധവും

ഭയപ്പെടാനൊന്നുമില്ല, ആളുകാണുന്നതുപോലെ ഒന്നുമല്ല.
ശുദ്ധ ശുദ്ധഗതിക്കാരൻ ഓംപ്രകാശ്.
ഹിന്ദിചലച്ചിത്രമണ്ഡലത്തിൻെറ മണിദീപം,

നിരൂപണശേഷിയും എന്നെ അത്ഭുതപ്പെടുത്തി. ആ അവസരങ്ങളിൽ ഞാൻ ചോദിക്കും—"അങ്ങു് എന്താ ഒന്നു ശ്രമിക്കാത്തതു്? ഒരുനല്ല ഗ്രന്ഥകാരനാകാനുള്ള വലിയ കഴിവില്ലേ? ഉത്സാഹിച്ചു് എഴുതിയാൽ മാത്രം മതി." പക്ഷേ അതിനുമറുപടി അവജ്ഞയോടുകൂടിയ ഒരു പുഞ്ചിരിമാത്രമായിരിക്കും. നേരമ്പോക്കായി അദ്ദേഹം പറയും—"ഒരുവീട്ടിൽ ഒരുപ്രതിഭാശാലി ധാരാളംമതി! എന്നുതന്നെയല്ല. ഞാൻകൂടി പ്രസിദ്ധനായ ഒരു ഗ്രന്ഥകർത്താവായിത്തീരുന്നതു് നിനക്കു് ഇഷ്ടമാണോ?"—ആ ചോദ്യം ആത്മാർത്ഥമായിട്ടാണോ അദ്ദേഹം ചോദിക്കാറുള്ളതെന്നു് എനിക്കു് നിശ്ചയമില്ല. ഇന്നു് ഞാൻ എന്തിനു് പരമാർത്ഥം മറയ്ക്കണം? അദ്ദേഹംകൂടിഒരു ഗ്രന്ഥകാരനായിഅറിയപ്പെടണമെന്നു ആത്മാർത്ഥമായി ഞാൻ ആശിച്ചിട്ടില്ല. എന്റെ കൃതികളുടെ ആസ്വാദകനെന്ന നിലയിലല്ലാതെ അവയുമായി മത്സരത്തിലേർപ്പെടുന്ന ഒരു കഥാകാരനായി ഞാൻ അദ്ദേഹത്തെ ഇഷ്ടപ്പെട്ടില്ല".-ഇതു് ഞാൻ ഇന്നുവരെ പുറത്തു പറഞ്ഞിട്ടില്ല. ഇന്നു് ഞാൻ മടിക്കുന്നില്ല!

പുതിയതായി എഴുതിക്കൊണ്ടിരുന്ന നോവലിന്റെ അവസാനത്തെ അദ്ധ്യായം അദ്ദേഹത്തെ വായിച്ചു കേൾപ്പിച്ച ആ സായാഹ്നം ഞാൻ ഒരിക്കലും വിസ്മരിക്കുന്നതല്ല. സോഫയുടെ ചാരിൽ തലയിണയിൽ ചാഞ്ഞു കിടന്നു കൊണ്ടു് ഞാൻ വായിക്കുന്നതു ശ്രദ്ധിച്ചുകൊണ്ടു് കിടക്കുകയാണു്. കിടക്കയുടെ കാല്ക്കൽ ജനാലയുടെ സമീപത്തു് ഒരു കസേരയിൽ ഇരുന്നാണു് ഞാൻ അതു വായിച്ചതു്. ഓണത്തിനു് നാലഞ്ചുദിവസം കൂടിയേ ഉള്ളു. കൊയ്ത്തുകഴിഞ്ഞു് വയലിൽ ബാലന്മാർ കിളിത്തട്ടുകളിക്കുന്നു. അവരുടെ കോലാഹലങ്ങളുടെ ശബ്ദം അന്തരീക്ഷത്തിൽ കൂടെക്കൂടെ അലതല്ലും. കാററടിക്കുമ്പോൾ ശാഖാഗ്രങ്ങൾ കുനിച്ചു കൊടുക്കുന്ന മഞ്ചാടി മരങ്ങളും കാററിനൊത്തു താളംതുള്ളുന്ന തെങ്ങോലകളും ചലിച്ചുകൊണ്ടും ചിറകടിച്ചു് പോകുന്ന പക്ഷികളും നീലാംബരത്തിൽകൂടി അലസമായി നീങ്ങിമാറുന്ന വെൺമുകിലുകളും എല്ലാം അവിടെ ഇരുന്നാൽ കാണാം.

അന്നു് സാധാരണയിൽ കവിഞ്ഞു് അദ്ദേഹത്തിനു തോന്നിയിരുന്നു. അന്തരീക്ഷത്തിന്റെ മാററവും അദ്ദേഹത്തിന്റെ മെച്ചപ്പെട്ട ആരോഗ്യനിലയും കൊണ്ടു് എന്റെ മനസ്സു് ക്രമത്തിലധികം ഉല്ലാസമുള്ളതായി തോന്നി. രോഗിയായ അദ്ദേഹം തിരിച്ചു് ജീവിതത്തിന്റെ സുഖാനുഭവങ്ങളിലേക്കു് തിരിച്ചു വന്നേക്കുമെന്നു് ഞാൻ പ്രതീക്ഷിച്ചു. നോവലിന്റെ അവസാനം ക്രമത്തിലധികം നന്നായിട്ടുണ്ടെന്ന അഹങ്കാരത്തോടെ വളരെ ആസ്വദിച്ചാണു് ഞാൻ വായിച്ചുകൊണ്ടിരുന്നതു്. ആ മുറിയിൽ എന്റെ നേർത്ത ശബ്ദം മാത്രം അങ്ങിനെ അലതല്ലി. എന്നെപ്പോലെതന്നെ അദ്ദേഹവും വായനയിൽ മുഴുകിയിരിക്കുകയാണെന്നു ഞാൻ വിശ്വസിച്ചു. അതിനാൽ ഇടയ്ക്കു് തടസ്സപ്പെടുത്താതെ ഞാൻ വായിച്ചു. തലയിണകളിൽ ചാഞ്ഞു കിടന്നു്, മെലിഞ്ഞ, മഞ്ഞളിച്ച കൈകൾ അലസമായി മെത്തയിൽ ഇട്ടുകൊണ്ടു് അദ്ദേഹം കിടക്കുകയാണു്.

ഞാൻ വായന നിർത്തി. സമയം സന്ധ്യ സമാഗതമായിക്കഴിഞ്ഞിരുന്നു. മുറിയിലാകെ അന്ധകാരത്തിന്റെ നിഴൽ വീശി. എന്റെ വിശേഷോത്തരമായ കലാസൃഷ്ടിയെപ്പററി അദ്ദേഹം എന്തുപറയുമെന്നു് ഞാൻ ഊഹിച്ചു. എന്റെ ഏററവും വിജയകരമായ നോവലിലെ പാത്രങ്ങളെപ്പററിയും, അതിലെ വിവരണരീതികളെപ്പററിയും അദ്ദേഹം വിശദമായി ആസ്വാദനം രേഖപ്പെടുത്തും. എന്നെ അനുമോദിക്കും. ഇങ്ങനെ ഒരു ഭാര്യയെ കിട്ടിയതിൽ അദ്ദേഹം അഭിമാനിക്കും—അതീവസന്തുഷ്ടയോടെ അവസാനത്തെ വാചകം ഞാൻ വായിച്ചു നിർത്തി. കയ്യെഴുത്തുപ്രതി മേശമേൽ വച്ചിട്ടു് അദ്ദേഹത്തിന്റെ അഭിപ്രായം ആരായാൻ ഞാൻ തലയുയർത്തി അങ്ങോട്ടുനോക്കി.

എത്രസമയം ഞാൻ അങ്ങിനെ അനങ്ങാതെ ഇരുന്നുപോയെന്നു് എനിക്കു നിശ്ചയമില്ല. അദ്ദേഹത്തിന്റെ അധരങ്ങൾ ചലിച്ചില്ല. അർത്ഥനിമീ

MALABAR HOUSE
ERNAKULAM.
Boarding & Lodging
Bar Attached.
Phone: No. 342.

ലീതങ്ങളായ നേത്രങ്ങൾ സന്തോഷത്താൽ വികസിതമായില്ല. വല്ലാത്ത ശാന്തതയും പ്രകാശവും മുഖത്തു് കളിയാടുന്നുണ്ടു്. എന്തൊരു നിശ്ശബ്ദത! അതു് എന്നെ വല്ലാതെ ഭയപ്പെടുത്തി. എന്റെ ഹൃദയം ചഞ്ചലപ്പെട്ടു. വിറക്കുന്ന കൈകൾ ഉയർത്തി മുറിയിലെ വിളക്കിന്റെ സ്വിച്ചു് ഞാൻ ഇട്ടു. വെളിച്ചമില്ലാതെ അദ്ദേഹത്തെ സമീപിക്കാൻ എനിക്കു് പേടിതോന്നി.... ജീവചൈതന്യത്തിന്റെ അവസാന ബിന്ദുവും ആ ശോഷിച്ച ശരീരത്തിൽ നിന്നു് ചോർന്നുപോകാറായിക്കഴിഞ്ഞിരുന്നു. മെലിഞ്ഞു മഞ്ഞളിച്ചിരുന്ന അദ്ദേഹത്തിന്റെ കൈകൾ മാർബിൾപോലെ മരവിച്ചു.

അദ്ദേഹം മരിച്ചു. എന്റെ വായനയിൽ ലയിച്ചു ലയിച്ചു മരിച്ചു. എല്ലു് ഉന്തിനിൽക്കുന്ന മുഖത്തു് സംതൃപ്തിയുടെ നേരിയ ഛായപോലും ഞാൻ കണ്ടില്ല. മുമ്പൊരിക്കലും ദർശിച്ചിട്ടില്ലാത്ത പ്രഭാപ്രസരം അതിനു ചുറ്റും തങ്ങിനിൽക്കുന്നുണ്ടു്. ആ കൊല്ലുന്ന ഏകാന്തതയിൽപോലും അദ്ദേഹത്തിന്റെ സുന്ദരങ്ങളായ അധരങ്ങളിൽ എന്നെ കളിയാക്കുന്ന ഒരു ചിരിയുടെ ഛായ ഞാൻ കണ്ടു.

സംവത്സരം ഒന്നുകഴിഞ്ഞു. അദ്ദേഹത്തിന്റെ മരണശേഷം ഞാൻ എന്റെ മാതൃഗൃഹത്തിലാണു് ആ ഒരു വർഷം ചിലവാക്കിയതു്. കാലം കഴിയുന്തോറും എന്റെ ജീവിതത്തിലുണ്ടായ വിടവിന്റെ വലിപ്പം എനിക്കു കൂടുതൽ കൂടുതൽ അനുഭവപ്പെട്ടുതുടങ്ങി. അടുത്ത ചിങ്ങമാസത്തിലാണു് ഞങ്ങളുടെ ഈ വീട്ടിൽ വീണ്ടും കാലുകുത്തിയതു്. അവിടെ വളരെ ഏകാന്തമായിരുന്നു. തടിച്ചുകൂടി നിന്നിരുന്ന നിശ്ശബ്ദതയാണു് എനിക്കു്സ്വാഗതം അരുളിയതു്. അവിടെ തിരിച്ചെത്തിയശേഷം ഞാൻ വീണ്ടും സാഹിത്യയത്നങ്ങളിൽ ഏർപ്പെട്ടു.

ഒരുദിവസം മദ്ധ്യാഹ്നഭക്ഷണം കഴിഞ്ഞു് ഞാൻ അദ്ദേഹം ഉപയോഗിച്ചുവന്നിരുന്ന മുറിയിൽ കയറി. വിശേഷവിധിയായി ഒന്നുംതന്നെ ഞാൻ പ്രതീക്ഷിച്ചില്ല. അദ്ദേഹം അതിയായ ആഗ്രഹത്തോടെ പറയാറുണ്ടായിരുന്ന ഒരു കാര്യം ഞാൻ ഓർമ്മിച്ചു. അവിടെവച്ചിരുന്ന വലിയ ട്രങ്കു കണ്ടപ്പോഴാണു് ഞാൻ അതു വിചാരിച്ചതു്. ആ പെട്ടി പൊടിയണിഞ്ഞു തുരുമ്പെടുത്തു തുടങ്ങിയിരുന്നു. മുറിയുടെ മൂലകളിലൊക്കെ ചിലന്തിവല. ഒരുകൊല്ലത്തോളമായല്ലോ അതു തുറന്നിട്ടു്. താക്കോൽ കണ്ടുപിടിച്ചു് ഞാൻ ആ പെട്ടി നീക്കിവച്ചു തുറന്നു. അതിൽ എന്തായിരിക്കുമെന്നു് പ്രത്യേകിച്ചു് ഞാൻ ഒന്നും കരുതിയിരുന്നില്ല. അദ്ദേഹത്തിന്റെ കയ്യക്ഷരത്തിൽ എഴുതിയിട്ടുള്ള കുറെ കടലാസ്സുകെട്ടുകൾ അടുക്കി അതു നിറച്ചു വച്ചിരിക്കുന്നു. എനിക്കു് അവ എന്താണെന്നു പരിശോധിക്കണമെന്നു തോന്നി. ഏറ്റവും പുറത്തു് ഇരുന്നിരുന്ന കടലാസ്സുകെട്ടു് ഞാൻ വെളിയിലെടുത്തു നോക്കി. അതിന്റെ പുറംകടലാസ്സിൽ എഴുതിയിരുന്ന വാക്കുകൾ ഞാൻ അത്ഭുതപ്പെട്ടു വായിച്ചു—“വെള്ളിമേഘം”—ഒരു നോവൽ.

ഗ്രന്ഥകാരൻ, വിശ്വനാഥു്.

ഇങ്ങനെയുള്ള എട്ടുകൃതികളുടെ കയ്യെഴുത്തു പ്രതികൾ അത്യത്ഭുതത്തോടെ ഞാൻ ആ പെട്ടിയിൽ നിന്നു വെളിയിലെടുത്തു. പെട്ടിയുടെ അടിയിൽ നിന്നു് നാല്പത്തിയഞ്ചോളം ചെറുകഥകൾ ഞാൻ എടുത്തു. ഓരോന്നിന്റേയും തലക്കെട്ടുമാത്രം എല്ലാം താ



തമിഴും താണ്ടി ഹിന്ദിയിലേക്കും കടന്നു പററിയിരിക്കുന്ന തെന്നിന്ത്യൻ ചലച്ചിത്ര വില്ലൻ—രഞ്ചൻ. തന്റെ സ്വന്തം മോട്ടിയുമൊത്തു് ഉല്ലസിക്കയാവാം.

ഴെവച്ചു. 'സ്മാരകം', 'സഞ്ചാരി', 'ജലദേവത', 'ഏകാന്തതയിൽ', 'സന്മാർഗ്ഗി'—ഇങ്ങനെ ഓരോന്നു്. അവിടെ ഇരുന്നുകൊണ്ടുതന്നെ 'സഞ്ചാരി' വായിച്ചുതീർത്തു. എത്രസുന്ദരമായ ചെറുകഥ! എന്തൊരു ഭാഷാരീതി! എത്ര മനോഹരമായ കഥാഘടന! എന്തിനധികം! അതേററവും മനോഹരമായ ഒരു കഥയായി എനിക്കനുഭവപ്പെട്ടു! ഒരുപക്ഷേ എനിക്കു നല്ല സാഹിത്യകൃതികൾ സൃഷ്ടിക്കാൻ കെല്പില്ലായിരിക്കും. പക്ഷേ നല്ലതുകണ്ടാൽ അതു് ആസ്വാദിക്കുവാനുള്ളകഴിവു് എനിക്കുണ്ടു് എന്നഭിമാനിക്കുന്നു. എന്റെകണ്ണുകളിൽ ബാഷ്പബിന്ദുക്കൾനിറഞ്ഞു് കാഴ്ചയ്ക്കു് വിഘാതമുണ്ടായി. എന്റെ നിസ്സാരമായ കലാസൃഷ്ടികളെപ്പററി ഞാൻ ഓർമ്മിച്ചു. ഇവയുമായി താരതമ്യപ്പെടുത്തുവാൻ തന്നെ അവയ്ക്കു് അർഹതയില്ല. എന്നാൽ അതിനെപ്പററി ഞാൻ എത്ര മാത്രം അഹങ്കരിച്ചിരുന്നു! അദ്ദേഹത്തിന്റെ മുൻപിൽ അവയെപ്പററി എന്തെല്ലാം ഞാൻ തട്ടിമൂളിച്ചിട്ടുണ്ടു്.

SREEDHAR JEWELLERY MART
CHALAI, TRIVANDRUM.

നയനാനന്ദകരമായ ആഭരണങ്ങൾ നിങ്ങളുടെ ആവശ്യപ്രകാരം പരിപൂർണ്ണ ഉത്തരവാദിത്വത്തോടെ ചെയ്തുകൊടുക്കുന്നതാണു. ഞങ്ങളുടെ ആഭരണങ്ങളുടെ പ്രത്യേകത ഒരിക്കൽ പരീക്ഷിക്കുക.

ശ്രീധർജുവലറിമാർട്ട്, ചാല, തിരുവനന്തപുരം.

പ്രൊപ്രൈറ്റർ—ആർ. ശ്രീധരൻനായർ

PHONE: No. 3029

“വിശ്വം! എന്റെ പ്രിയപ്പെട്ട വിശ്വം! ക്ഷമിക്കണേ. ഞാൻചെയ്ത അപരാധങ്ങൾ! പക്ഷേ അങ്ങു് എന്തുകൊണ്ടു് ഇതൊന്നും എന്നെ അറിയിച്ചില്ല? പറയൂ വിശ്വം!”—ഞാൻ അവിടെ മുട്ടുകുത്തിയിരുന്നു് വിങ്ങി വിങ്ങിക്കരഞ്ഞു. കുന്നുപോലെ എന്റെ മുമ്പിൽ അദ്ദേഹത്തിന്റെ അനശ്വരകൃതികൾ കിടക്കുന്നു. അദ്ദേഹം ജീവിച്ചിരുന്നപ്പോൾ ഇതു് വെളിയിൽ കാണിക്കാത്തതെന്തു കൊണ്ടാണു്? എന്നോടുള്ള പ്രത്യേകത കൊണ്ടോ? എനിക്കു് അദ്ദേഹത്തോടു് അസൂയതോന്നി. ഈ കയ്യെഴുത്തു പ്രതികളെല്ലാം ചുട്ടുകളയാൻ ഞാൻ വിചാരിച്ചു. ഒരു പക്ഷേ ലോകം ഇവ അറിയരുതെന്നായിരിന്നിരിക്കും അദ്ദേഹത്തിന്റെ ആശയും! എന്നാൽ അല്പനേരം അവിടെയിരുന്നു ചിന്തിച്ചപ്പോൾ എന്റെ അസൂയയുടെ ശക്തി ക്ഷയിച്ചു. ഞാൻ കയ്യെഴുത്തു പ്രതികൾ പ്രസിദ്ധീകരണത്തിനു തന്നെ കൊടുത്തു. അതിനുശേഷമുള്ള വിവരങ്ങൾ എല്ലാപേർക്കും അറിവുള്ളതാണു്. ഇന്നു വിശ്വനാഥന്റെ പേർ അറിയാത്തവർ ആരാണു്? വെള്ളിമേഘത്തിന്റെ പ്രസിദ്ധീകരണം എന്തൊരു വമ്പിച്ച വിജയമായിരുന്നു.! ഇന്നു് അതു് എത്ര പതിപ്പുകളാണു് ആയിരിക്കുന്നതു്! ഏതെല്ലാം ഭാഷകളിലേക്കു് അതു് തർജ്ജമ ചെയ്യപ്പെട്ടു കഴിഞ്ഞിരിക്കുന്നു അങ്ങിനെ വിശ്വത്തിന്റെ പേരു്! ഇന്നു് സുപ്രസിദ്ധമാണു്. മരണത്തിനു ശേഷമാണു് അദ്ദേഹം ജനിച്ചതും വളന്നതും. ഒരു നല്ല സാഹിത്യകാരൻ എന്ന നിലയിൽ അദ്ദേഹത്തിന്റെ സ്ഥാനമെവിടെ? എന്റെ നിലയോ? ഞാൻ ഒരു നിസ്സാരകൃമി!. ഈയിടെ ഞാൻ എന്നു മുതൽ എഴുത്തുടങ്ങിയതാണു്! അതുകൊണ്ടു് എന്തു ഫലം എനിക്കുണ്ടാ


കഴിവും മിഴിവുമൊത്തിണങ്ങിയ 'കിഷോർ കുമാർ' ആരുടെ കരളിനും കുളിരേകുന്ന ഒരു സമുന്നത താരം.

നമ്പൂരിയുടെ പ്രേമം

കുമ്മിറ്റം സുകുമാരൻ. ബി. ഏ (ഓണേഴ്സ്)

നാട്ടാരെനോക്കിപ്പറഞ്ഞവ "ളെൻവയർ
നോക്കീട്ടുചൊല്ലുവിൻ, പോകണോ നിൽക്കണോ?
ഈമുന്നിൽ നിൽക്കുന്ന നമ്പൂരിയാണെൻെറ
നായക, നെന്നെക്കെട്ടത്തിയോനാണയാൾ."
അല്ലെന്നുചൊല്ലുന്നതെങ്ങനെ; നാട്ടുകാ-
രെല്ലാമറിഞ്ഞിരിക്കുന്നതാണിക്കഥ.
രാമലിംഗയ്യരും ദേവകിക്കുട്ടിയും
നാണമില്ലാതെ കളിച്ചോരുകേളികൾ
കണ്ടവരുണ്ടൊരു നൂറുപേർ; പാടവും
വീടുമവൾക്കുസമം തന്നെയാണുപോൽ.......

*   *   *

നിങ്ങളറിയുമാരാമലിംഗയ്യരെ
അന്നാട്ടിലെക്കൊച്ചുകാട്ടുരാജാവയാൾ.
അല്പമുയർന്നോരു മൂക്കും; കുഴിയിലേ-
യ്ക്കൂത്തിനോക്കുന്നൊരാകൺകളും കാണവേ
ചൊല്ലുന്നുനാട്ടുകാർ കള്ളനാണായവൻ
കള്ളത്തരത്തിന്നരചനാണായവൻ.

അല്പം പെരുത്തുണ്ടു സമ്പത്തു; വിദ്യയാ-
ലല്പമനുഗ്രഹം നേടിയോനാണയാൾ.
വേലിമുമ്പുണ്ടായിരുന്നുപോൽപാണ്ടിയിൽ
ചേലില്ലയാഞ്ഞുപിണങ്ങിപ്പിരിഞ്ഞുപോൽ.
വസ്തുവഴക്കി,ലിടപാടൊഴിക്കലിൽ
മദ്ധ്യസ്ഥനാണയാൾ പോലീസുകേസിലും.
പോലീസുകാരനെഗ്രാമങ്ങൾ രാജതാ-
മേകിബ്ഭയന്നു പൂജിക്കുന്നനാളുകൾ

ആയവരെപ്പോലുമൊന്നിച്ചു നിൽക്കുക-
രാമലിംഗയ്യരോരാജാധിനായകൻ........
'ഉണ്ണി'വരുന്നതുകാണുകിൽകൈകൂപ്പി
നിന്നുപോം നാട്ടുകാർസൽക്കാരചിത്തരായ്.
രാവിലേയേററുകുളികഴിഞ്ഞിത്തിരി-
ച്ചന്ദനം നെററിയിൽ പൂശിയു,മായതിൻ
ഒത്തമദ്ധ്യത്തായ്ച്ചുകന്നസിന്ദൂരവും
തൊട്ടു;കരങ്ങളിൽ ഭസ്മവും തേച്ചുടൻ
നിൽക്കുന്നരാമലിംഗയ്യരെക്കാണുകിൽ
ചൊന്നുപോംസാക്ഷാൽ മഹേശ്വരനാണയാൾ....

കാര്യങ്ങൾചൊല്ലുവാൻ നാരിമാർ സാദരം
പേരക്കിടാങ്ങളുമായ്‌വന്നു നിൽക്കവേ
കുഞ്ഞുങ്ങളെയെടുത്തോമനിച്ചുമ്മവ-
ച്ചഞ്ചാതെകൊഞ്ചിച്ചു തിൻ്റെ നൽകീടുകിൽ
ചൊന്നുപോമാരും മടിയെന്നിയേയിതാ-
നിൽക്കുന്നുകണ്വൻെറ രണ്ടാംപതിപ്പൊരാൾ....!
കണ്ണിൽകവിതയും, പൂങ്കവിൾച്ചെപ്പുകൾ
തുള്ളിത്തുളുമ്പുന്ന മാദകച്ഛായവും
ചേലണിക്കൊങ്കയും, പുഷ്ടനിതംബവു-
മൊത്തകിടാങ്ങളെ നമ്പൂരികാണുകിൽ,
ഉള്ളത്തിനുള്ളിൽനിന്നെന്തോതിളച്ചുപോം
കള്ളക്കടക്കണ്ണയച്ചയാൾ നോക്കിടും.
ദാഹിച്ചു ദാഹിച്ചു നോക്കുമാനോട്ടങ്ങൾ
മോഹംനിറഞ്ഞതാണെന്നറിഞ്ഞീടുകിൽ
കൈനിവർത്താഞ്ഞൊന്നു നൽകാതിരിക്കുമോ
കൈതവം തീണ്ടാത്തകൈക്കുഞ്ഞുപോലുമേ!

യി? ഞാൻ ഇന്നറിയപ്പെടുന്നതു് ഒരു സാഹിത്യകാരിയെന്ന നിലയിലല്ല; വിഖ്യാതനായ ഒരു സാഹിത്യകാരൻെറ ഭാര്യ എന്ന നിലയിൽ മാത്രം!

ഈ വർഷം ആദ്യം ഒരു പ്രസിദ്ധീകരണക്കാരൻ വിശ്വത്തിന്റെവിഖ്യാതഗ്രന്ഥങ്ങളുടെ ഒരു നൂതനസമാഹാരം പ്രസിദ്ധപ്പെടുത്തുവാൻ തീരുമാനിച്ചു. ആ പ്രസിദ്ധീകരണത്തിനു് ഞാൻ ഒരു മുഖവുര എഴുതിക്കൊടുക്കണമെന്നു് അവർ നിർബ്ബന്ധം പിടിക്കുകയാണു്. അവർ അയച്ചകത്തിൽ പറഞ്ഞിരിക്കുന്നതു നോക്കുക. "ഒരു ഗ്രന്ഥകർത്താവെന്നനിലയിൽ മാത്രമല്ല, ഒരു സാധാരണ മനുഷ്യനെന്ന നിലയിലും അദ്ദേഹത്തെ ഏററവും അടുത്തു് ആത്മാർത്ഥമായും പരിപൂർണ്ണമായും മനസ്സിലാക്കിയിട്ടുള്ള താങ്കൾക്കു മാത്രമേ ഇതു സമ്പൂർണ്ണമായി നിർവ്വഹിക്കുവാൻ സാധിക്കൂഎന്നു് ഞങ്ങൾ ബലമായി വിശ്വസിക്കുന്നു." ഇതിനു ഞാൻ എന്തു മറുപടി പറയും?